പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4897 14/11/2019 ലെ മറുപടി

**അധ്യയന ദിനങ്ങൾ വീണ്ടെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതിക്ഷോഭവും മറ്റുമായി നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | പ്രകൃതിക്ഷോഭവും മറ്റുമായി അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട ജില്ലകളിൽ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുക്കുന്നതിനായി അധിക സമയം കണ്ടെത്തി പഠന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിരുന്നു. |
| (ബി) | ഇരുന്നൂറ് പ്രവൃത്തി ദിനങ്ങൾ പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | 2019-20 അധ്യയന വർഷത്തിൽ സ്കൂളുകളിൽ 203 അധ്യയന ദിനങ്ങൾ ലഭിക്കുന്ന രീതിയിലാണ് വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ പ്രകൃതിക്ഷോഭവും മറ്റുമായി അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ട ജില്ലകളിൽ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുക്കുന്നതിനായി അധിക സമയം കണ്ടെത്തി പഠന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്. |
| (സി) | അവധി ദിനങ്ങളെ സംബന്ധിച്ച് വ്യാജ സന്ദേശം നൽകി കുട്ടികളെയും രക്ഷിതാക്കളെയും ആശങ്കയിലാക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ? | (സി) | അവധി ദിനങ്ങളെ സംബന്ധിച്ച് വ്യാജ സന്ദേശം നൽകിയ ചില മാധ്യമങ്ങൾക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ